നാനോ എക്സൽ കമ്പനി തട്ടിപ്പ്

166 (2985) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാനോ എക്സൽ കമ്പനി കേരളത്തിൽ നിന്ന് എത്രകോടി രൂപയുടെ തട്ടിപ്പ് നടത്തിയതായാണ് പോലീസ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നാനോ എക്സൽ കമ്പനിക്കെതിരെ കേരളത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം കൊടുത്തു ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കമ്പനിയുടെ എത്ര ഡയറക്ടർമാർ കേസിൽ പ്രതികളാണ് ; ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തു ;

(ഡി) കമ്പനിയുടെ എത്ര ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട് ; എങ്കിൽ ഏതെല്ലാം തീയതികളിലെന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്പനി ഡയറക്ടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടുകെട്ടിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തീയിതികളിലാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) കമ്പനിയുടെ തൃശ്ശൂർ ഓഫീസിൽനിന്നും എറണാകുളത്തേക്ക് കൊണ്ടുവന്ന 63 ലക്ഷം രൂപ പറവൂരിൽ വച്ച് 13-12-2010-ൽ പിടിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ ഈ വിവരം റവന്യൂ ഇന്റലിജൻസിനെ അറിയിക്കുകയോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ ; ഏതെങ്കിലും റിമാൻഡ് പ്രതിയിൽനിന്നും 35,500 രൂപ പിടിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ ആരിൽനിന്നാണ് പണം പിടിച്ചെടുത്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാനോ എക്സൽ കമ്പനി കേരളത്തിൽനിന്ന് ആകെ 34,39,48,959 രൂപയുടെ തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നാനോ എക്സൽ കമ്പനിക്കെതിരെ കേരളത്തിൽ 644 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 8 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചു.

(സി) വിവിധ കേസ്സുകളിലായി 7 ഡയറക്ടർമാർ പ്രതികളാണ്. ഇതിൽ 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആകെ 15 അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട്. 22-6-2011-ൽ 2 അക്കൗണ്ടുകളും 29-9-2011-ൽ 3 അക്കൗണ്ടുകളും 25-2-2012-ൽ 10 അക്കൗണ്ടുകളും മരവിപ്പിച്ചിട്ടുണ്ട്.

(ഇ) കമ്പനി ഡയറക്ടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടുകെട്ടിയിട്ടില്ല.

(എഫ്) 13-12-2010-ൽ 63 ലക്ഷംരൂപ ആലുവ പോലീസ് പിടിക്കുടിയതായും ടി തുക റവന്യൂ ഇന്റലിജൻസിന് കൈമാറിയിട്ടുള്ളതായും ആയത് സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും അറിവായിട്ടുണ്ട്. നാനോ എക്സൽ തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത റിമാന്റ് പ്രതിയിൽനിന്നും 35,500 രൂപ പിടിക്കുടിയിട്ടില്ല.

കള്ളനോട്ടുകളുടെ പ്രചാരം തടയുന്നതിന് നടപടി

167 (2986). ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ള നോട്ടുകളുടെ പ്രചാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കള്ളനോട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) കള്ളനോട്ട് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 227 കള്ളനോട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 233 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 4 കേസ്സുകൾ എൻ.ഐ.എ.-യ്ക്ക് അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്.

(സി) ബാങ്കുകളുടെ സഹകരണത്തോടെ പൊതുജനങ്ങൾക്കും വ്യവസായികൾക്കും മറ്റും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി രഹസ്യ വിവരങ്ങൾ ശേഖരിച്ച് അതിർത്തികൾ കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും പരിശോധനയും നടത്തി അന്യസംസ്ഥാന തൊഴിലാളികളെ പ്രത്യേകമായി നിരീക്ഷിച്ചും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെയും ഷാഡോ പോലീസിന്റെയും സേവനം പ്രയോജനപ്പെടുത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly